അയ്യപ്പഞ്ചേരിയിൽ നീര പ്ലാന്റ് സജ്ജമായി

● സ്വന്തം ലേഖകൻ

എസ്എൽപുരം > കേരകർഷക കൂട്ടായ്മയിലും ജനകീയ സംഘാടനത്തിലും വേറിട്ട പാതയിലൂടെ മുന്നേറുന്ന കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ നീര സംസ്കരിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങളോടുകൂടിയ നീര പ്ലാന്റ് കഞ്ഞിക്കുഴി അയ്യപ്പഞ്ചേരിയിൽ പ്രവർത്തനസജ്ജമായി. സംസ്ഥാനത്തെ രണ്ടാമത്തെ നീരപ്ലാന്റിന്റെ ഉദ്ഘാടനം പത്തിന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല നിർവഹിക്കും.

അയ്യപ്പഞ്ചേരിയിൽ 50 സെന്റ് ഭൂമിയിൽ 'മെഡികോം' പ്രവർത്തനങ്ങൾക്കായി നിർമിച്ച 6000 ചതുരശ്രഅടി വിസ്തൃതിയുള്ള കെട്ടിടം കഞ്ഞിക്കുഴി പഞ്ചായത്തിൽ നിന്ന് 15 വർഷത്തേയ്ക്ക് ലീസിന് വാങ്ങിയാണ് നീരപ്ലാന്റ് തയാറാട്ടിയിട്ടുള്ളത്. പ്രതിദിനം 2800 ലിറ്റർ നീര സംസ്കരിച്ച് വിവിധ അളവുകുപ്പികളിൽ നിറയ്ക്കാവുന്ന ആധുനികയന്ത്രസാമഗ്രികളോടെയാണ് പ്ലാന്റ് സ്ഥാപിച്ചത്. 200 മില്ലി, 300 മില്ലി, 500 മില്ലി എന്നിങ്ങനെ കുപ്പികളിൽ നിറച്ചാണ് വിൽപ്പന. യഥാക്രമം 35,50,80 രൂപ എന്നിങ്ങനെയാണ് വില. 200 മില്ലിയുടെ ഒരു ഗ്ലാസ് നീരയ്ക്ക് 30 രൂപയും. ജില്ലയിൽ വിവിധ പ്രദേശങ്ങളിലായി ആറ് വിപണന കേന്ദ്രങ്ങൾ തുറന്നിട്ടുണ്ട്. 25000 രൂപ കമ്പനിയിൽ അടച്ചാൽ ഒരു വിപണനകേന്ദ്രം അനുവദിച്ചുകിട്ടും. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നീര നൽകുന്നതിനായി മാരാരി മാർക്കറ്റിങ് കമ്പനിയുമായി കരാർ വച്ചിട്ടുണ്ട്.

തണ്ണീർമുക്കം, പേർത്തല തെക്ക് കടക്കരപ്പള്ളി, കഞ്ഞിക്കുഴി, മാരാരിക്കുളം വടക്ക് പഞ്ചായത്തുകളിലായി 300 തെങ്ങുകളിൽ നിന്നാണ് ഇപ്പോൾ നീര ഉൽപാദിപ്പിക്കുന്നത്. ദിവസേന 500 ലിറ്റർ നീര ലഭിക്കുന്നു. കൂടാതെ പത്തനംതിട്ടയിൽ നിന്ന് 75 ലിറ്ററും കൊണ്ടുവരുന്നുണ്ട്. ഉടനെ കോട്ടയത്തുനിന്ന് 250 ലിറ്ററും വാങ്ങും. ഈ നീര അയ്യപ്പഞ്ചേരിയിലെ പ്ലാന്റിൽ കൊണ്ടുവന്ന് വിവിധതലങ്ങളിലായി സംസ്കരിച്ചും അണുവിമുക്തമാക്കിയുമാണ് ബോട്ടിലുകളിൽ നിറച്ച് വിപണനത്തിന് എത്തിക്കുന്നത്. ഇപ്പോൾ 40 ഓളം ടെക്നീഷ്യന്മാരാണ് നീര ഉൽപ്പാദനത്തിനായി തെങ്ങിൽ കയറുന്നത്. ഒരുലിറ്റർ നീരയ്ക്ക് ടെക്നീഷ്യന് 50 രൂപ ലഭിക്കും. കർഷകന് 30 രൂപയും. ഒരു തെങ്ങ് നീര ഉൽപ്പാദനത്തിനായി നൽകിയാൽ കർഷകന് കുറഞ്ഞത് 6500 രൂപ വരെ ഒരുമാസം ലഭിക്കും.

മായവും മാലിന്യവുമില്ലാത്ത ആരോഗ്യ-പോഷകദായക പ്രകൃതിദത്ത ഉൽപ്പന്നമാണ് നീര. കുട്ടികൾക്കും സ്ത്രീകൾക്കും പ്രമേഹരോഗികൾക്കും വരെ ഇത് ഉപയോഗിക്കാം. സംസ്കരിച്ച് കുപ്പികളിലാക്കുന്ന നീര മൂന്നുമാസം വരെ കേടുകൂടാതെയിരിക്കും. നീര ശീതളപാനീയം കൂടാതെ നീര ചക്കരപ്പാനി, നീരതേൻ, നീരവിനാഗിരി, നീര ചോക്കലേറ്റ് എന്നിവയും പച്ചതേങ്ങയിൽ നിന്നുള്ള ഉരുക്കുവെളിച്ചെണ്ണയും ഈ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുമെന്ന് കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ അഡ്വ. ഡി പ്രീയേഷ്കുമാറും സിഇഒ ഡോ. പി കെ മാണിയും പറഞ്ഞു.

കമ്പനിയുടെ നേതൃത്വത്തിൽ ശുദ്ധമായ വെളിച്ചെണ്ണയും വിപണിയിലിറക്കും. പേർത്തല തെക്ക് പഞ്ചായത്തിലെ അരീപ്പറമ്പിൽ ഇതിനായി 35 സെന്റ് സ്ഥലവും 2800 പതുരശ്ര അടി വിസ്തൃതിയിലുള്ള കെട്ടിടവും വാടകയ്ക്ക് ലഭിച്ചു. ഒരേസമയം 10,000 തേങ്ങ വെളിച്ചെണ്ണയാക്കുന്നതിനുള്ള യന്ത്രസാമഗ്രികളെല്ലാം സ്ഥാപിച്ചു. ഓണക്കാലത്ത് എണ്ണ വിപണിയിലിറക്കുന്നതിന് മുന്നോടിയായി തണ്ണീർമുക്കം സൗത്ത് ഫെഡറേഷൻ നാളികേര സംഭരണവും ഡ്രയർ ഉപയോഗിച്ചുള്ള കൊപ്ര നിർമിക്കലും ആരംഭിച്ചു. നാളികേര ബോർഡിന്റെ സഹായത്തോടെ 700ലേറെ പേർക്ക് യന്ത്രം ഉപയോഗിച്ച് തെങ്ങിൽ കയറുന്നതിനുള്ള ചങ്ങാതിക്കുട്ടം പരിശീലനം, മൂന്ന് ബാച്ച് നീര ടെക്നീഷ്യൻ പരിശീലനം എന്നിവയും പൂർത്തിയാക്കി.

2013 ആഗസ്തിലാണ് കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. അരൂർ മുതൽ തോട്ടപ്പള്ളി വരെയുള്ള പ്രദേശങ്ങളിലാണ് പ്രവർത്തനം. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് മുൻകൈയെടുത്ത് രൂപീകരിച്ച കമ്പനിക്ക് നേതൃത്വം നൽകുന്നത് 154 ഉൽപ്പാദകസംഘങ്ങളും 11 ഫെഡറേഷനുകളും ചേർന്ന 14000ത്തോളം കർഷകരാണ്.

അഡ്വ. ഡി പ്രീയേഷ്കുമാർ (ചെയർമാൻ), ഡോ.പി കെ മാണി (സിഇഒ), എസ് ശ്രീകുമാർ, എൻ സദാനന്ദൻ, കെ കൈലാസൻ, വി സി പണിക്കർ, അപ്പുക്കുട്ടൻപിള്ള, കെ രത്നാകരൻ, വി സുകുമാരൻനായർ, ടി എസ് വിശ്വൻ, എം ജി രഘുനാഥൻനായർ എന്നിവരുൾപ്പെട്ട ഭരണസമിതിയാണ് പ്രവർത്തനങ്ങൾ നയിക്കുന്നത്.

ഉദ്ഘാടനം നാളെ

കഞ്ഞിക്കുഴി > കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ നീര പ്ലാന്റിന്റെ ഉദ്ഘാടനം വെള്ളിയാഴ്ച നാലിന് മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. സമ്മേളനത്തിൽ പി തിലോത്തമൻ എംഎൽഎ അധ്യക്ഷനാകും. കെ സി വേണുഗോപാൽ എംപി മുഖ്യപ്രഭാഷണം നടത്തും. ഡോ. ടി എം തോമസ് ഐസക് എംഎൽഎ ഓഹരി സർട്ടിഫിക്കറ്റ് വിതരണം ചെയ്യും. നീര വിതരണോദ്ഘാടനം ജി സുധാകരൻ എംഎൽഎയും നീര മൂല്യവർധിത ഉൽപ്പന്ന വിതരണോദ്ഘാടനം അഡ്വ. എ എം ആരിഫ് എംപിയും നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രതിഭാഹരി ഉരുക്കുവെളിച്ചെണ്ണ വിപണിയിലിറക്കും.

കയർ കോർപറേഷൻ ചെയർമാൻ കെ ആർ രാജേന്ദ്രപ്രസാദ് കരപ്പുറം നീര സഹ്യമെന്റ് പ്രകാശനം നിർവഹിക്കും. കലക്ടർ എൻ പത്മകുമാർ മികച്ച കർഷകരെയും എക്സൈസ് ഡെപ്യൂട്ടി കമീഷണർ സുരേഷ് റിച്ചാർഡ് മികച്ച ടെക്നീഷ്യരെയും ആദരിക്കും. നീര പരിശീലന കേന്ദ്രത്തിന് സ്ഥലം അനുവദിച്ച ഫാ. ജോഷി വല്ലാർകാട്ടിലിനെ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് ആർ നാസർ ആദരിക്കും. ജില്ലാപഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി ജി മോഹനൻ നീര ചോക്കലേറ്റിന്റെ ഉദ്ഘാടനവും കഞ്ഞിക്കുഴി പഞ്ചായത്ത് പ്രസിഡന്റ് ഗീത കാർത്തികേയൻ യൂണിഫോം വിതരണവും നിർവഹിക്കും. സിഇഒ ഡോ. പി കെ മാണി റിപ്പോർട്ട് അവതരിപ്പിക്കും. പകൽ മൂന്നിന് കൺമണിയുടെ സംഗീതസദസും ഉണ്ട്.

CHANGE OF NAME

I, MARIYAMMA JOSEPH, holder of Passport No : A 2816154 dtd. 29/4/1997 Cochin. Puzhakkalil, Kollakadavu, Alappuzha. My name changed as SHABEER SHAFEENA

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്
കാർത്തികപ്പള്ളി പി.ഒ. ഫോൺ: 0479 2485706

സി3/650/14 തീയതി: 7..7..15

അപേക്ഷ ക്ഷണിക്കുന്നു

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായി ഓരോ അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയറേയും (ഒരു വർഷത്തേക്ക്) അക്കൗണ്ടന്റ് കം ഡേറ്റാ ഓപ്പറേറ്റർ (ലീവ് വേക്കൻസിയിൽ 2 മാസത്തേക്ക്) കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർക്ക് ബി.ടെക്ക് സിവിൽ/സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമയും (പോളിടെക്നിക്) അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് ബി.കോം, പി.ജി.ഡി.സി.എയും ആണ് യോഗ്യത. താൽപര്യമുള്ളവർ 17..7..15ന് മുമ്പായി പഞ്ചായത്ത് ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്.

(ഒപ്പ്) സെക്രട്ടറി